കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAD/PTA/P5/962/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/P5/962/2023 തീയ്യതി: 16/10/2023

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	16-08-2023	24-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-08-2023	24-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അനിൽ കുമാർ റ്റി, ഓഡിറ്റ് ഓഫീസർ, (ഹ ഗ്രേ)
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സാജിതാ സലിം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഉഷാ കുമാരി എസ്	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ പി.കെ മുഹമ്മദ് ഷാഫി	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സീനാ കുമാരി (ഇൻ ചാർജ്ജ്)	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	03-08-2022
ശ്രീമതി മീര എസ്.പ്രസാദ്	അസിസ്റ്റന്റ് എഞ്ചിനീയർ	04-08-2022	19-09-2022
ശ്രീമതി ദീപ എം.ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	20-09-2022	31-03-2023
ശ്രീ അനിൽ കുമാർ എം.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	11-04-2022
ശ്രീമതി ഗീത വി	അസിസ്റ്റന്റ് സെക്രട്ടറി	12-04-2022	19-10-2022
ശ്രീമതി ഉഷ കുമാരി റ്റി എൻ	അസിസ്റ്റന്റ് സെക്രട്ടറി	20-10-2022	31-03-2023
ഡോ. രജനി കൃഷ്ണൻ നായർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2022	12-05-2022
ഡോ. പ്രവീൺ കുമാർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	13-05-2022	31-03-2023
ഡോ. സുമേഷ് സി.വാസുദേവൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ. റോസിലിൻ എം.കെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ഡോ. സജിതാ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീ നിഖിൽ കെ	കൃഷി ഓഫീസർ	01-04-2022	29-07-2022
ശ്രീമതി രഞ്ജു ആർ (എംപ്ലോയിമെന്റ്	കൃഷി ഓഫീസർ	30-07-2022	28-09-2022

മുഖേനയുള്ള നിയമനം)			
ശ്രീമതി സ്മിതാ റ്റി (ഇൻ ചാർജ്ജ്)	കൃഷി ഓഫീസർ	29-09-2022	23-01-2023
ശ്രീമതി വിദ്യ സി	കൃഷി ഓഫീസർ	24-01-2023	31-03-2023
ശ്രീമതീ ശ്യാമലത	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ശ്രീമതി അഖിലാ വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	18-07-2022
ശ്രീ ശ്യാം കുമാർ എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	19-07-2022	31-03-2023
ശ്രീമതി അന്ന മോൾ ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി സിന്ധു ബി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	29-10-2022
ശ്രീ ശ്രീകുമാർ ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	30-10-2022	31-12-2022
ശ്രീമതി രഞ്ജിനി പി. കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-01-2023	31-03-2023
ശ്രീമതി പ്രസന്ന കുമാരി സി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	13-01-2023
ശ്രീമതി കവിതാ കൃഷ്ണൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	14-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-4
6	കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല	1-1-5
7	ബാങ്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	ആസ്തികളുടെ മൂല്യനിർണയം കൃത്യമല്ല	1-1-7
9	ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല	1-1-8
10	തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു	1-1-9
11	രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
21	തനതു വരുമാനം സംബന്ധിച്ച അവലോകനം	1-11
22	സേവന ഉപനികുതി വർദ്ധിപ്പിക്കേണ്ടത് അനിവാര്യം	1-12
23	തൊഴിൽ നികുതി - പിരിവ് പൂർണ്ണമല്ല.	1-13
24	പൊതു ടാപ്പുകളുടെ വെള്ളക്കരം- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു	1-14
25	ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ	1-15
26	കോൺഫറൻസ് ഹാൾ നവീകരണം- പദ്ധതി നടത്തിപ്പിൽ അപാകതകൾ	1-16

27	വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മിക്കുന്നതിന് അധിക സബ്സിഡി വിതരണം ചെയ്യു; ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി	1-17
28	ജനറൽ പർപ്പസ് ഫണ്ട്- 491600 രൂപ നഷ്ടപ്പെടുത്തി	1-18
29	വെള്ളക്കരമിനത്തിൽ കുടിശ്ശിക പെരുകുന്നു	1-19
30	എസ്.എസ്.കെ- പഞ്ചായത്ത് കൃത്യമായി മോണിട്ടറിംഗ് ചെയ്യുന്നില്ല	1-20
31	നെൽകൃഷി വികസനം – നിർവ്വഹണം സുതാര്യമല്ല	1-21
32	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം	1-22
33	മരുന്ന് വാങ്ങൽ പദ്ധതി- ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല	1-23
34	ഹോമിയോ ഡിസ്പൻസറി- അടിസ്ഥാന സൌകര്യങ്ങളില്ല	1-24
35	അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല	1-25
36	ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി	1-26
37	വനിതാ ഘടക പദ്ധതിക്കായി തുക വകയിരുത്തിയെങ്കിലും പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയില്ല	1-27
38	കുഴൽകിണറുകളുടെ മെയിന്റനൻസ്- പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-28
39	പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- ബില്ലിൽ നിന്നും റ്റി.ഡി.എസ് കുറവ് ചെയ്തില്ല	1-29
40	ഓഡിറ്റോറിയത്തിന്റെ കറന്റ് ചാർജ്ജ്- കുടിശ്ശിക തുക അടവാക്കി	1-30
41	ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല	1-31
42	അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല	1-32
43	ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നു.	1-33
44	കാഞ്ഞിരവേലി ICDP സബ്സെന്റർ നിർമ്മാണം പാതി വഴിയിൽ	1-34
45	എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ച് കരാർ ലംഘനം നടത്തിയ കരാറുകാർക്ക് സെക്യൂരിറ്റി തുക മടക്കി നല്കി	1-35
46	ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല	1-36
47	അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല	1-37
48	ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) - ഗുണഭോക്താവിന് 40000 രൂപ അധികം സബ്സിഡി വിതരണം ചെയ്യു	1-38

49	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ	1-39
50	കരാർ കാലയളവ് ദീർഘിപ്പിച്ചതിന് കരാറുകാരനിൽനിന്നും ഈടാക്കിയ പിഴയിൽ കുറവ്	1-40
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മിക്കുന്നതിന് അധിക സബ്സിഡി വിതരണം ചെയ്യ	3-1
2	ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവിന് അർഹമായതിൽ അധികം സബ്സിഡി നൽകി	3-2
3	കരാർ കാലയളവ് ദീർഘിപ്പിച്ചതിന് കരാറുകാരനിൽനിന്നും മതിയായ പിഴ ഈടാക്കിയില്ല	3-3
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
തീയതി 16.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -625305രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1630143 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18 & ഐ-19) പ്രകാരം Prior Period Income And Expenditure എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ശീർഷകം	ലഡ്ജർ -നീക്കിയിരിപ്പ് തുക
Prior Period Expenses- Remission & Refund- Property Tax On Residential Buildings	852838
Prior Period Expenses- Remission & Refund- Electricity Charges	16012
Prior Period Expenses- Operation & Maintenance Expenses	297168
Prior Period Expenses- Programme Expenses	-1458
Prior Period Income- Other Expenses	300000

1-1-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 2178813 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

1-1-6 ബാങ്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി 4- പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ നീക്കിയിരിപ്പ് തുകകൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല,

1-1-7 ആസ്തികളുടെ മൂല്യനിർണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ ബി 7 പ്രകാരം കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടുന്നില്ല

1-1-9 തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു

വസ്തു നികുതി ഇനത്തിലുള്ള വരവ് തുകകൾ ജനറൽ പർപ്പസ് ഫണ്ടിൽ തെറ്റായി ജേണൽ എൻട്രി നടത്തിയതിനാൽ പ്രസ്തുത ഹെഡ്ഡിലെ വരവ് തുക തെറ്റാണ്.

1-1-10 രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

1-2 ബജറ്റ്

ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും	1(1) തീയ്യതി 26-03-2022
ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്	702874
പ്രതീക്ഷിത വരവ്	142412100
ആകെ	143114974
പ്രതീക്ഷിത ചെലവ്	142242333
നീക്കിബാക്കി	872641
റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും	3(1) തീയ്യതി 24-02-2023

1-3 സാമ്പത്തിക വിശകലനം

ഇനം	റസിപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്	ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്
മുന്നിരിപ്പ്	4385638	
ഓഡിറ്റ് വർഷത്തെ വരവ്	19146444	63974149
ആകെ വരവ്	23532082	63974149
ഓഡിറ്റ് വർഷത്തെ ചെലവ്	19771749	63812802
നീക്കിയിരിപ്പ്	3760333	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	ഇല്ല	9995000	9995000	8666424	1328576
വികസന ഫണ്ട്-എസ്.സി.പി	,,	5922000	5922000	5491648	430352
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	968935	3946149	4915084	1538169	(Lapse-1795261) 1581654
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	206699	1522531+ 62884 (Interest) =1585415	1792114	1545777	(Lapse-59861) 186476
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	,,	2309000	2309000	567431	1741569
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്	,,	4570000	4570000	3167701	1402299
സംസ്ഥാനാവിഷ്കൃത ഫണ്ട്					
ശബരിമല ഗ്രാന്റ്	383913	471000	854913	322904	532009
ശുചിത്വ മിഷൻ	413262	0	413262	0	413262
ലൈഫ് -സംസ്ഥാനം വിഹിതം	0	200000	200000	0	200000
കേന്ദ്രാവിഷ്കൃത ഫണ്ട്					
ഐ.സി.ഡി.എസ്.	1112288	605138	1717426	148672	1568754
എം.ജി.എൻ. ആർ.ജി.എസ്	322	8732433	8732755	8732400	355
ഹെൽത്ത് ഗ്രാന്റ്	0	239640	239640	213433	26207
ഹെൽത്ത് ഗ്രാന്റ്- റൂറൽ	0	111570	111570	107136	4434
ടി.എസ്.സി	199999	0	199999	0	199999

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	330164
"	അങ്കണവാടി അധിക വേതനം	569400
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	550492

1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
154	62442718	115	26644671	39	42.67

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

നിർവ്വഹണ ഉദ്യോഗസ്ഥൻ	*ആവിഷ്കരിച്ച പ്രോജക്ടുകൾ*	*നടപ്പിലാക്കിയ പ്രോജക്ടുകൾ*	*അടങ്കൽ തുക*	*ചെലവഴിച്ച തുക*
സെക്രട്ടറി	43	34	7049313	5347823
അസിസ്റ്റന്റ് സെക്രട്ടറി	9	7	960161	357845
അസിസ്റ്റന്റ് എഞ്ചിനീയർ	33	18	11483967	3079654
കൃഷി ഓഫീസർ	4	4	3300593	2492813
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	24	16	32087547	9265755
ഐ.സി.ഡി.എസ് സൂപ്പർവൈസർ	8	5	2306000	1399712
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	15	13	3324084	2925305
മെഡിക്കൽ ഓഫീസർ, ആയുർവേദം	3	3	720000	705151
മെഡിക്കൽ ഓഫീസർ, ഹോമിയോ	2	2	120000	120000
പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ്	3	3	287000	287000
വെറ്ററിനറി സർജൻ	7	7	521433	417223
ഡെയറി ഫാം ഇൻസ്ട്രക്ടർ	2	2	242620	230390
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	40000	16000
ആകെ	154	115	62442718	26644671

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

ഇനം	മുന്നിരിപ്പ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഭരണ ചെലവുകൾ	322	581653	581975	581620	355
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	8150780	8150780	8150780	0
ആകെ	322	8732433	8732755	8732400	355

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക
വാർദ്ധക്യകാല പെൻഷൻ	1055	11525200
വിധവാ പെൻഷൻ	413	4289000
കർഷക തൊഴിലാളി പെൻഷൻ	105	1211200
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	109	1200000
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	19	212800

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-08-23 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17015/- (പതിനേഴായിരത്തി പതിനഞ്ച്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. സെക്ഷനുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. അനിവാര്യമായി എഴുതി സൂക്ഷിക്കേണ്ട ഇൻഡംനിറ്റി ബോണ്ട്/NLC/LC രജിസ്റ്റർ, പേ സർട്ടിഫിക്കേറ്റ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. വാർഡുതല യോഗം യഥാസമയം സംഘടിപ്പിക്കുന്നതായി ഗ്രാമസഭ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പൊതുവേ മോശമാണ്. നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും സാംഖ്യ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപെടുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള പണം ഒടുക്കൽ കാര്യക്ഷമമല്ല. ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് ചെലവഴിച്ച് വെള്ളക്കരം ഒടുക്കുവരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.03.2014 മുതൽ 18.03.2014 വരെ	2008-2009 മുതൽ 2012-2013 വരെ	01.05.2014
പെർഫോമൻസ് ഓഡിറ്റ്	22.06.2022 – 23.06.2022	01/2022 മുതൽ 03/2022 വരെ	റിപ്പോർട്ട് ലഭിച്ചിട്ടില്ല

1-11 തനതു വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും ബഹു ഡയറക്ടറുടെ 11-07-2023 ലെ DKSA 3683/853/2019 നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് മല്ലപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നമ്പർ 117/2022/LSGD/01-06-2022 ലെ ഉത്തരവിലെ ക്രമ നമ്പർ 2 ൽ എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി, നികുതിയേതര വരുമാനം, സംബന്ധിച്ച അവലോകനം, തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലുമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 15/03/23 ലെ നാലാം നമ്പർ തീരുമാനത്തിലെ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തി, ഭരണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയം വേഗത്തിലാക്കാനും, ടേഡേഴ്സ് ലിസ്റ്റ് പുതുക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തൊട്ടാണ്ടിലേയോ വരുമാനങ്ങളൊന്നും തന്നെ സാമ്പത്തിക വർഷാരംഭത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 15-03-2023ലെ 5ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവിന്റേയും നികുതിയേതര വരുമാനത്തിന്റേയും അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ സഭകൾക്കും വാർഡ് സഭകൾക്കും നൽകേണ്ടതാണെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയില്ല.

2.ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവു ചെലവു കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതുമായിരിക്കണം ബജറ്റ്. തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തുകകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വരവിനം	ബജറ്റ് പ്രകാരമുള്ള കളക്ഷൻ	യഥാർത്ഥ കളക്ഷൻ
1	വസ്തുനികുതി	4500000	4131420
2	തൊഴിൽ നികുതി	2300000	1172150
3	ലൈസൻസ് ഫീസ്	400000	216460
4	കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്	200000	93422

ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ചതായി 15/03/23 ലെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കൽ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ 03/05/23 ലെ രണ്ടാം നമ്പർ ശുപാർശയോടെ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

സ.ഉ (കൈ. നമ്പർ 77/2023 LSGD/22-03-23 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും നഗരസഭകളിലും 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയ പരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ ഡയറക്ടർ 02-05-2023 തീയതിയിലെ LSGD/PD/20073/2023 REV2പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 14.06.2023 തീയതിയിലെ 3(1), 3(2), 3(3) നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും വിവര ശേഖരണം പൂർത്തിയായിട്ടില്ല. പുതുക്കിയ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. നികുതി ഇളവ് അനുവദിക്കൽ, നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗ ക്രമത്തിലുണ്ടാകുന്ന മാറ്റങ്ങൾ, വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിട നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കൽ, നികുതി ഇളവ് നേടിയ ശേഷം ത.സ്വ.ഭ.വ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ മൂലം നികുതി നഷ്ടം ഉണ്ടായിട്ടില്ല.

രജിസ്റ്ററുകളിലെയും സഞ്ചയ സോഫ്റ്റ് വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൻ വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയയിലെയും lLGMSലെയും ഡിമാന്റ്,കളക്ഷൻ തുകകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വരവിനം		ഡിമാന്റ്	കളക്ഷൻ
1	വസ്തു നികുതി	lLGMS	2194819	1959107
	(പാർപ്പിടാവശ്യം)	സഞ്ചയ	1973463	1959579
2	വസ്തു നികുതി	lLGMS	1439044	1439044
	(പാർപ്പിടേതരാവശ്യം)	സഞ്ചയ	1445284	1439044

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി 10% (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രയിനേജ് Etc) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. ശുചിത്വ പരിപാലനം, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവയ്ക്കായി ഈ തുക വിനിയോഗിക്കുന്നു.

4.തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതിയൊടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററിലേയും തൊഴിൽ നികുതി (Institution/ Traders) ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ചട്ടം പ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 നം. (സി.എസ്) എ9-764/2019 സർക്കുലർ, ജി. ഒ (പി) 143/2008/ത.സ്വ.ഭ.വ/ തീ. 27.05.2008 സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ ഫീൽഡ് വേരിഫിക്കേഷൻ, അനുബന്ധ രേഖകളുടെ പരിശോധന എന്നിവ നടത്തുന്നുണ്ടെങ്കിലും നികുതി പിരിവ് പൂർണ്ണമല്ല.

1-12 സേവന ഉപനികുതി വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആകൃതിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തു നികുതിയുടെ പത്ത് ശതമാനത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പത്ത് ശതമാനം നിരക്കിലാണ് നിലവിൽ സേവന ഉപനികുതി ഈടാക്കുന്നത്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ മോശമായ സ്ഥിതിക്ക് സേവന ഉപനികുതി നിരക്ക് നേരിയ തോതിലെങ്കിലും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത ഭരണസമിതിക്ക് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

1-13 തൊഴിൽ നികുതി - പിരിവ് പൂർണ്ണമല്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകളിൽ 7 കടകളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയത്.

2. ചുവടെ പറയുന്ന മരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ക്രമ നം.	കരാറുകാരന്റെ പേര്, മേൽവിലാസം

1	എം. വിജയരാജൻ, മേലേകാലയിൽ വീട്, നെല്ലിക്കാല
2	അനീഷ് മോഹൻ, ചങ്ങാഴിപ്പറമ്പിൽ, ഇലന്തൂർ
3	സന്തോഷ് കുമാർ എം. കെ, മേലേതിൽ ഹൗസ്, പ്രക്കാനം
4	വിഷ്ണു. എം. പിള്ള, മുല്ലയ്ക്കൽ ഹൗസ്, ആറന്മുള
5	സോമശേഖരൻ നായർ, പാടത്തുകളയിൽ ഹൗസ്, ഐത്തല
6	ഫിലിപ്പ് തോമസ്, പുത്തൻകയ്യാലയിൽ ഹൗസ്, കൊറ്റനാട്

3. ആഡ്ടെക് കമ്പ്യൂട്ടേഴ്സ്, കൊട്ടാരത്തിൽ മെറ്റർ ക്രഷേഴ്സ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. കാരംവേലി ക്ഷീര സഹകരണ സംഘത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച് 18-8-2023ൽ നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.19)ക്ക് മറുപടിയായി, പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിലെയും സ്ഥാപന തൊഴിൽനികുതിയും, ജീവനക്കാരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-14 പൊതു ടാപ്പുകളുടെ വെള്ളക്കരം- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 793872 രൂപ ചെലവഴിച്ചിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമോ പതിനാലാം പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമോ പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് പോലെയുള്ള ആവർത്തന ചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് സാധിക്കില്ല. ആയതിനാൽ പ്രസ്തുത ചെലവിനത്തിലുള്ള തുക ക്രമീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-15 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 1-ലെ ക്രമ നം- 149 പ്രകാരം റേഷൻകടകൾ യഥാസമയം ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന അഞ്ച് റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2. ഓന്തേക്കാട് ക്ഷീര സഹകരണ സംഘം, കുഴിക്കാല ക്ഷീര സഹകരണ സംഘം എന്നീ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

3. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളിൽ (അക്ഷയകേന്ദ്രം-പുന്നയ്ക്കാട്, അക്ഷയകേന്ദ്രം-കുഴികാല) നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് 19-8-2023ൽ നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 22)ക്ക് മറുപടിയായി, പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 കോൺഫറൻസ് ഹാൾ നവീകരണം- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്ടിന്റെ പേര്	കോൺഫറൻസ് ഹാൾ നവീകരണം (155/23)
വകയിരുത്തിയ തുക	വികസന ഫണ്ട്- 41553 രൂപ സി.എഫ്.സി - 263120 രൂപ

	തനത് ഫണ്ട്- 3947 രൂപ ആകെ - 308620 രൂപ
ചെലവഴിച്ച തുക	വികസന ഫണ്ട്- 41553 രൂപ സി.എഫ്.സി - 263120 രൂപ തനത് ഫണ്ട്- 3943 രൂപ ആകെ - 308616 രൂപ
ബിൽ നമ്പരും തീയതിയും	41553/- – ബിൽ നം. 40 തീയതി 29-03-2023 263120/- Amount Trasfered On 29-03-2023 3943 /- - ചെക്ക് നം. 97853 Dtd 30-08-2023 ആകെ - 308616 രൂപ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോൺഫറൻസ് ഹാൾ നവീകരണം എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നു. കോൺഫറൻസ് ഹാൾ നവീകരണത്തിനാവശ്യമായ ഫർണ്ണീച്ചറുകളും ഉപകരണങ്ങളും ടെൻഡർ നടപടികൾ കൂടാതെ സിഡ്കോ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാങ്ങിയ സാധനത്തിന്റെ വിവരം	എണ്ണം	യൂണിറ്റിന്റെ വില	ആകെ
1	Conference Table (Mahagani Wood)	1	70000	70000
2	Stage (Mahagani Wood)	1	47000	47000
3	U-table	1	44000	44000
4	Name Board (Teak Wood)	1	33000	33000
5	Wall Fan	10	4661	46610
6	Microphone Ahuja	2	2076	4152
7	Microphone Ahuja- Table Stand	2	2203	4406
8	Microphone Ahuja	2	1864	3728
9	Network Cable	2	932	1864
10	Stand- Projector	1	1695	1695
11	Speaker	2	2542	5084
Total				261539
Add 18 % GST				47077
Grand Total				308616

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചെയ്സ് ഡിപ്പാർട്ട്മെന്റിന്റെ 23-12-2022- ലെ സ.ഉ (സാധാ) നം. 97/2022/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ സിഡ്ക്കോയിൽ നിന്നും വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും, നിരക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങളൊന്നും തന്നെ പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ളവയല്ല. സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടില്ലാത്ത ഇനങ്ങൾ ടെണ്ടർ കൂടാതെ സിഡ്കോയിൽനിന്നും നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല. ഇവയ്ക്ക് സിഡ്കോ ഈടാക്കിയിട്ടുള്ള വിലയുടെ സാധുത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) ക്രമ നം.3 പ്രകാരം തുക നൽകിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിലവിലുണ്ടായിരുന്ന ടേബിൾ മെയിന്റനൻസ് നടത്തിയതിനാണ്. ഇപ്രകാരം മെയിന്റനൻസ് നടത്തിയതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ വാലുവേഷൻ എടുക്കുകയോ ചെയ്തിട്ടില്ല.

3) കോൺഫറൻസ് ഹാളിൽ സ്ഥാപിക്കുന്നതിനായി 10 വാൾ ഫാനുകളാണ് വാങ്ങിയത്. എന്നാൽ എട്ടെണ്ണം മാത്രമാണ് കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചിട്ടുള്ളത്. ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

4) ടേബിൾ മൈക്രോഫോണുകൾ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചിട്ടില്ല.

5) വാങ്ങിയ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. വാറന്റി/ഗ്യാരന്റി സംബന്ധിച്ച് എഗ്രിമെന്റിൽ വ്യവസ്ഥപ്പെടുത്തിയിട്ടില്ല.

6) വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ എടുക്കുകയോ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല

7) CGST Act,2017 -ലെ സെക്ഷൻ 51(1) പ്രകാരം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ

രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഒഴികെയുള്ള തുകക്ക് രണ്ട് ശതമാനം ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ്. ഫർണ്ണീച്ചറുകൾ വാങ്ങിയതിന് 261539 രൂപയാണ് (ജി.എസ്.ടി ഒഴികെ) ചെലവഴിച്ചിട്ടുള്ളത്. രണ്ടര ലക്ഷം രൂപയിൽ കൂടുതലുള്ള പർച്ചെയ്സ് ആയതിനാൽ ബില്ലിൽനിന്നും 2% റ്റി.ഡി.എസ് കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല

പ്രസ്തുത അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/1908-2023) ലഭ്യമാക്കിയ മറുപടിയിൽ രണ്ട് വാൾ ഫാനുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ റൂമിൽ സ്ഥാപിച്ചിട്ടുണ്ടെന്നും റ്റി.ഡി.എസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മാത്രമാണ് അറിയിച്ചിട്ടുള്ളത് . മറ്റ് അപാകതകൾക്കൊന്നും തന്നെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 308616 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മിക്കുന്നതിന് അധിക സബ്സിഡി വിതരണം ചെയ്തു; ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.96/23 പ്രകാരം വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മിക്കുന്നതിന് കർഷകർക്ക് സബ്സിഡി വിതരണം ചെയ്ത ഇനത്തിൽ 283600 രൂപ ചെലവഴിച്ചിട്ടുണ്ട്. കൃഷി ഓഫീസറാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും 136215 രൂപയും, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം യഥാക്രമം 63165 രൂപയും, 84220 രൂപയുമാണ് പദ്ധതിക്ക് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) അനുവദനീയമായതിൽ അധികം സബ്സിഡി വിതരണം ചെയ്തു

ശ്രീ തോമസ് വർഗ്ഗീസ് പുളിനിൽക്കുന്നകാലയിൽ, കുഴിക്കാല (വാർഡ് 11) എന്നയാൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി 47500 രൂപയാണ് . എന്നാൽ ടിയാന് ചുവടെ ചേർക്കും പ്രകാരം 64250 രൂപ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു.

ടഷറി ബിൽ നം.	തീയതി	തീയതി
335	28/03/2023	14250
334	28/03/2023	15000
342	28/03/2023	15000
270	10/03/2023	20000
ആകെ		64250

കൃഷി അസിസ്റ്റന്റ് പരിശോധിച്ച് അനുവദനീയമായ സബ്സിഡി കണക്കാക്കി ശുപാർശചെയ്തിട്ടുള്ളതിന് വിരുദ്ധമായി 16750 രൂപ അധികം വിതരണം ചെയ്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 16750 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

(2) അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തു

പഞ്ചായത്തിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാക്കിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് സബ്സിഡി വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും, വിലാസവും	വിതരണം ചെയ്ത സബ്സിഡി തുക	ടഷറി ബിൽ നം., തീ.
1	ശ്രീ മാത്യു വർഗ്ഗീസ്, മുള്ളനാക്കുഴിയിൽ, കുഴിക്കാല, വാർഡ് 10	15000 15000 20000	334, 28/03/2023 342, 28/03/2023 270, 10/03/2023
		50000	
2	ശ്രീ ശശികുമാർ റ്റി.കെ തുരുത്തിയിൽ വീട്, പുന്നക്കാട് വാർഡ് 8	6705 6075 8940	334, 28/03/2023 342, 28/03/2023 270, 10/03/2023
		21090	
3	ശ്രീ പി. വി. മാത്യു, കിഴക്കേ പുതുപ്പറമ്പിൽ, കാരംവേലി	8850	335, 28/03/2023

	വാർഡ് 8		
	ആകെ	79940	

പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്ത് നടപ്പിലാക്കുന്ന ഏതൊരു പദ്ധതിയുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമസഭ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നിർവ്വഹണത്തിന് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ സബ്സിഡി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപറഞ്ഞ വ്യക്തികൾക്ക് സബ്സിഡി വിതരണം ചെയ്തതിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്.

1-18 ജനറൽ പർപ്പസ് ഫണ്ട്- 491600 രൂപ നഷ്ടപ്പെടുത്തി

വിവിധ ഉത്തരവുകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 12 ഗഡുക്കളായാണ് ജനറൽ പർപ്പസ് ഫണ്ട് 2022-23 സാമ്പത്തികവർഷം സർക്കാർ അനുവദിച്ച് നൽകിയത്. എന്നാൽ മല്ലപ്പുഴശ്ശേരി പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 11 ഗഡുക്കൾ മാത്രമാണ് വരവായി കാണിച്ചിട്ടുള്ളത്. 11 X 491600 = 5407600 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് പ്രകാരം ഒരു ഗഡു തുകയായ 491600 രൂപ നഷ്ടപ്പെട്ടതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം -18/23തീയതി 18-08-2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല

മാസാന്ത്യ, വർഷാന്ത്യ റെക്കൺസലിയേഷൻ കൃത്യമായി നടത്താത്തത് മൂലമാണ് ഇപ്രകാരം തുക നഷ്ടപ്പെട്ട വിവരം ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതെ പോയത്. ഓഡിറ്റ് ചൂണ്ടിക്കാട്ടിയപ്പോൾ മാത്രമാണ് ഇപ്രകാരം തുക നഷ്ടപ്പെട്ട വിവരം ഉദ്യോഗസ്ഥർ മനസ്സിലാക്കിയത്. ടി വിഷയത്തിൽ ട്രഷറിയിൽ നിന്നും നോൺ പെയ്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങി ഫിനാൻസ് ഡിപ്പാർട്ട്മെന്റ് മുഖേന നഷ്ടപ്പെട്ട 419600 രൂപ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-19 വെള്ളക്കരമിനത്തിൽ കുടിശ്ശിക പെരുകുന്നു

ഗ്രാമപഞ്ചായത്തിൽ 144 പൊതു ടാപ്പുകളാണുള്ളത്.ഇവയുടെ വെള്ളക്കരമിനത്തിൽ 136018 രൂപയാണ് മാസം തോറും അടവാക്കിയത്. ഇപ്രകാരം 2023 ഫെബ്രുവരി മാസം വരെ ടി നിരക്കിൽ തുക അടച്ചിട്ടുണ്ട്. പോന്നു. 2023 മാർച്ച് മാസം പൊതു ടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റി വർദ്ധിപ്പിച്ചു. ഒരു ടാപ്പിന് ഒരു വർഷം 5750 രൂപ എന്നുള്ളത് 14550രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഇത് പ്രകാരം 2023 മാർച്ച് മാസത്തെ ഡിമാന്റ് തുക 174708 രൂപയായി വർദ്ധിച്ചു. 2023 ഫെബ്രുവരി മാസം വരയുള്ള ബില്ലിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയൊന്നും ഉണ്ടായിരുന്നില്ല.

2023 ജൂലൈ മാസത്തെ ബിൽ പ്രകാരം മുൻ ബാക്കി- 537561രൂപ, ഫൈൻ തുക- 10610 രൂപ, തൻമാസത്തെ ഡിമാന്റ് തുക- 174708 രൂപ എന്നിവ ഉൾപ്പെടെ 722879 രൂപയുടെ ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. 2023 മാർച്ച് മാസം ഗ്രാമപഞ്ചായത്ത് പുതിയ നിരക്കിൽ തുക അടവാക്കിയെങ്കിലും തുടർന്നുള്ള മാസങ്ങളിൽ വെള്ളക്കരം അടവാക്കിയില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23-05-2023- ലെ 21/1-ാം നമ്പർ തീരുമാന പ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം പുന: ക്രമീകരിക്കുന്നതിനും കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനുമായി 05-07-2023- ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ചോ ഭരണസമിതി തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിച്ചത് സംബന്ധമായോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വെള്ളക്കരം പുന: ക്രമീകരിച്ച് കിട്ടാത്ത സാഹചര്യത്തിൽ മാർച്ച് മാസത്തിന് ശേഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കിയില്ല

വാട്ടർ അതോറിറ്റിയിൽ നിന്നും സംയുക്ത പരിശോധനക്ക് ശേഷവും ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയിൽ നിന്നും ക്രമീകരിച്ച് നൽകിയിട്ടില്ല. 2023 മാർച്ച് മാസത്തിന് ശേഷം വെള്ളക്കരം അടവാക്കാത്ത സാഹചര്യത്തിൽ ഓരോ മാസവും കുടിശ്ശിക തുക വലിയ തോതിൽ വർദ്ധിച്ച് വരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക തുകയുടെ കാര്യത്തിലും വെള്ളക്കരം മാസം തോറും കൃത്യമായി അടവാക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതും സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-20 എസ്.എസ്.കെ- പഞ്ചായത്ത് കൃത്യമായി മോണിട്ടറിംഗ് ചെയ്യുന്നില്ല

ഓഡിറ്റ് വർഷം ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.എസ്.കെ വിഹിതം നൽകൽ (ജനറൽ) SO80, എസ്.എസ്.കെ വിഹിതം നൽകൽ (എസ്.സി.പി) SO81 എന്നീ പദ്ധതികൾക്കായി യഥാക്രമം 200000, 60000 എന്നിങ്ങനെ തുക സമഗ്ര ശിക്ഷാ കേരളാ ബ്ലോക്ക് കോർഡിനേറ്ററുടെ കാനറ ബാങ്കിലുള്ള CNR 130003538എന്ന അക്കൌണ്ടിൽ അടവ് വരുത്തിയിട്ടുണ്ട്. ടി തുകകളുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മല്ലപ്പുഴശ്ശേരി പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾക്ക് എന്തെല്ലാം സൌകര്യങ്ങൾ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് സൂചിപ്പിക്കുന്ന രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.4.2022) 8.6(3) പ്രകാരം സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. എന്നാൽ ടി പ്രോജക്ടിന്റെ ആസൂത്രണത്തിലോ മോണിട്ടറിംഗിലോ പഞ്ചായത്തിന്റെ കാര്യമായ ഇടപെടലുണ്ടായിട്ടില്ല. ഓരോ സ്കൂളുകളിലും എസ്.എസ്.കെ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതാണ്. ടി പ്രോജക്ട് പ്രകാരം ഏത് സ്കൂളിൽ എന്ത് പ്രവർത്തനം നടത്തി എന്നത് വിശദമാക്കിയിട്ടില്ല. സമഗ്ര ശിക്ഷ കേരളം പ്രോജക്ട് നടത്തിപ്പിന്റെ എല്ലാ ഘട്ടങ്ങളിലും പഞ്ചായത്ത് സജീവമായി ഇടപെടേണ്ടതാണ്.

1-21 നെൽകൃഷി വികസനം – നിർവ്വഹണം സുതാര്യമല്ല

ഗ്രാമപഞ്ചായത്തിലെ 4 പാടശേഖര സമിതികൾ മുഖാന്തിരം നെൽകൃഷി നടത്തുന്നതിനാണ് സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ട് നടപ്പിലാക്കിയത്. അപേക്ഷകൾ പ്രകാരവും ബിൽ പരിശോധനയിലും പുന്നക്കാട്, പന്നിവേലിച്ചിറ, തെക്കേമുറി, തെച്ചിക്കാവ് എന്നീ നാലു പാടശേഖര സമിതികളുടെ പേരിൽ ഈ പഞ്ചായത്തിനു പുറത്തുള്ള കർഷകരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ഭൂരിഭാഗം കർഷകരും ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലുള്ളവരാണ്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പാട്ട കൃഷി നടത്തിയ ആളുടെ പേരും വിലാസവും	പാടശേഖര സമിതി കൃഷി ഇറക്കിയ സ്ഥലത്തിന്റെ വിസ്തൃതി	സബ്സിഡി ഇനത്തിൽ വിതരണം ചെയ്ത തുക
1	രവീന്ദ്രൻ നായർ കെ, ഉഷസ്സ്, തൈമറവുംകര, വെസ്റ്റ് ഓതറ P.O, തിരുവല്ല	പന്നിവേലിച്ചിറ, 2 Ha	23636
2	സന്തോഷ് P G, ഓരുതറയിൽ, ചെറിയനാട് P.O, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
3	രജനി ജി നായർ, കരിമ്പാലിൽ, തോന്നയ്ക്കാട് P.O, ചെറിയനാട്. ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
4	പ്രകാശ് കെ, നന്ദനം, ചെറിയനാട് P.O, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
5	കൃഷ്ണൻ കുട്ടി കെ.ജി, കോട്ടാത്തറയിൽ, ചെറിയനാട് P.O, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
6	ഫിലിപ്പ് വർഗീസ്, പാറക്കുന്നത്ത്, ചെറിയാനാട്, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
7	പന്നിവേലിച്ചിറC.P സോമൻ, ചൂരമുട്ടത്തിൽ, തോന്നയ്ക്കാട് P.O,ചെറിയനാട്	പന്നിവേലിച്ചിറ, 2 Ha	23636
8	സുധീഷ് കുമാർ.കെ കണ്ണങ്ങാട്ട് കിഴക്കേതിൽ മുണ്ടങ്കാവ്,ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
9	ജോണി ഉമ്മൻ പി.റ്റി. പുന്നമുറ്റത്ത്, ചെറിയനാട് ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23636
10	ലതാ ഗോപിനാഥൻ നായർ, ഗീതം, തോന്നയ്ക്കാട് P.O,ചെറിയനാട്, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23637
11	രേഖ ആർ സുരാജ് ഭവൻ ഉമയാറ്റുകര	പന്നിവേലിച്ചിറ, 2 Ha	23637

	കല്ലിശ്ശേരി.പി.ഒ		
12	ശ്രീമതി സേതുലക്ഷ്മി വെട്ടിപീടികയിൽ കാരക്കാട് പി.ഒ. ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23637
13	VP ശാരദാമ്മ, ഉഷസ്സ്, തൈമറവുംകര, വെസ്റ്റ് ഓതറ P.O, തിരുവല്ല	പന്നിവേലിച്ചിറ, 2 Ha	23637
14	ഗോപിനാഥൻ നായർ VP, വെട്ടിപ്പീടികയിൽ, കാരയ്ക്കാട് P.O, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23637
15	രഘുകുമാരൻ നായർ, കളീക്ക വടക്കേതിൽ, ചെറിയാനാട് P.O, ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 1 Ha	11821
16	സുധ കെ.ജെ. പാറക്കുന്നത്ത് കണ്ടത്തിൽ, ചെറിയനാട് പി.ഒ. ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 2 Ha	23637
17	ശ്രീ ജോസ് വർഗ്ഗീസ് പുലിമുഖത്ത് തെക്കേതിൽ ചെറിയനാട് പി.ഒ. ചെങ്ങന്നൂർ	പന്നിവേലിച്ചിറ, 1.33 Ha	15718
	ആകെ	32.33 ഹെക്ടർ	382085
1	ശ്രീ സാമുവേൽ പി.എം. പട്ടാശ്ശേരിൽ വീട് പുന്നക്കാട് പി.ഒ. ഓന്തേക്കാട്	തക്കേമുറി 2 Ha	23637
2	ജയലത എം.ആർ. മാമ്പാറ വീട് ചെറിയനാട് പി.ഒ. ചെങ്ങന്നൂർ	തക്കേമുറി 2 Ha	23637
3	മറിയാമ്മ സാമുവൽ, പുന്നയ്ക്കാട് പി.ഒ. ഓന്തക്കാട്	തക്കേമുറി 2 Ha	23637
4	രേണുക വി.ഡി. കളരിത്തറയിൽ ഇരമത്തൂർ മാന്നാർ പി.ഒ.	തക്കേമുറി 2 Ha	23637
5	വിജയമ്മ കരുമ്പാലിൽ വീട്, തോന്നക്കാട് പി.ഒ., ചെറിയനാട്	തക്കേമുറി 2 Ha	23637
6	ഗംഗ എസ്. പിള്ള അശ്വതി പുലിയൂർ ചെങ്ങന്നൂർ	തക്കേമുറി 2 Ha	23637
	ആകെ	12 ഹെക്ടർ	141822

1	സാബു വി.ഒ. പുതുപറമ്പിൽ മലകുന്നം പി.ഒ ചങ്ങനാശ്ശേരി	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23636
2	ജെയിംസ് കുര്യാക്കോസ് ചെത്തപ്പുരയ്ക്കൽ മലകുന്നം പി.ഒ. ചങ്ങനാശ്ശേരി	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23636
3	ബ്രിജിറ്റ് സാന്ദ്രാ സിബി നൈനാപറമ്പിൽ രാമങ്കരി	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23636
4	വർഗ്ഗീസ് കെ.പി. കാച്ചപ്പിള്ളി തുറവൂർ, അങ്കമാലി എറണാകുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23636
5	ലിസി മാർട്ടിൻ കാച്ചപ്പിള്ളി തുറവൂർ, അങ്കമാലി എറണാകുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23636
6	മാർട്ടിൻ കെ.എ. കാച്ചപ്പള്ളി തുറവൂർ, അങ്കമാലി എറണാകുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
7	ശ്രീ കുര്യൻ കെ.പി. കാച്ചപ്പിള്ളി തുറവൂർ, അങ്കമാലി എറണാകുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
8	രാജി മാത്യു കാച്ചപ്പിള്ളി തുറവൂർ, അങ്കമാലി എറണാകുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
9	അലിന്റാ ജോസഫ്, വെളുത്തേടത്തു പുത്തൻപറമ്പ് പുളിങ്കുന്ന്	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
10	ലിസമ്മ ജോർജ്ജ് തിട്ടാലയിൽ ചെറുപുഷ്പം ആർപ്പൂക്കര കോട്ടയം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
11	ചെറിയാൻ കുന്നേൽ തുരുത്തി പി.ഒ ചങ്ങനാശ്ശേരി	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
12	അലൻ ജോസഫ് വെളുത്തേടത്തുപുത്തൻപറമ്പ് പുളിംകുന്ന്, ആലപ്പുഴ	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
13	ജോസഫ് മാത്യു വെളുത്തേടത്തു പുത്തൻപറമ്പ്, പുളിംകുന്ന്, ആലപ്പുഴ	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
14	ലീനാമ്മ ടോജോ	തെച്ചിക്കാവ് പന്നിവേലി മൂല	23637

	വെളുത്തേടത്തു പുത്തൻപറമ്പ്, പുളിംകുന്ന്, ആലപ്പുഴ	2 Ha	
15	തോമസ് എം.ഒ. മാലത്തുശ്ശേരിൽ ഈര പി.ഒ. ആലപ്പുഴ	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
16	രാജു ചാക്കോ മംഗലപ്പള്ളിൽ ചമ്പക്കുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
17	ത്രേസ്യാമ്മ ജോർജ്ജ് പുതുപറമ്പിൽ മാലകുന്നം പി.ഒ. ചങ്ങനാശ്ശേരി	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
18	ലാലിമ്മ രാജു മംഗലപ്പള്ളി ചമ്പക്കുളം	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
19	ജിന്നു ജോസഫ് കരിയിൽച്ചിറ പുളിംകുന്ന്	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
20	റോയി ജോസഫ് ആഞ്ഞിലിതോപ്പിൽ കറുകച്ചാൽ	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
21	മഞ്ജു ആർ നായർ	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
22	മോഹനൻപിള്ള	തെച്ചിക്കാവ് പന്നിവേലി മൂല 2 Ha	23637
	ആകെ	40 ഹെക്ടർ	520009
1	സഞ്ജു പി എബ്രഹാം പാളയത്തിൽ വീട് പാണ്ടി പി.ഒ., ചെറുതന, ആലപ്പുഴ	പുന്നക്കാട് 2 Ha	23637
2	ഷാജി ജോൺ മോഴശ്ശേരിൽ, പാണ്ടി പി.ഒ. ചെറുതന ആലപ്പുഴ	പുന്നക്കാട് 2 Ha	23637
3	ജോബി കുര്യാക്കോസ്, 167-ൽ ചിറ കുമരങ്കരി പി.ഒ., വാലടി, ആലപ്പുഴ	പുന്നക്കാട് 2 Ha	23637
4	കുഞ്ഞുമോൻ കെ. ജെ. കുമ്പാലപ്പള്ളിൽ വീട് കുമരങ്കരി പി.ഒ. ചങ്ങനാശ്ശേരി ആലപ്പുഴ	പുന്നക്കാട് 2 Ha	23637
5	ആലീസ് ജോസഫ് കുമ്പാലപ്പള്ളിൽ വീട് കുമരങ്കരി പി.ഒ. ആല്ലപ്പുഴ	പുന്നക്കാട് 2 Ha	23637
6	ഷൈനി കുഞ്ഞുമോൻ കുമ്പാലപ്പള്ളിൽ വീട്,	പുന്നക്കാട് 2 Ha	23637

	കുമരങ്കരി പി.ഒ. ആലപ്പുഴ		
7	മേരിക്കുട്ടി ചാക്കോ കുമ്പാലപ്പള്ളിൽ വീട്, കുമരങ്കരി പി.ഒ. ആലപ്പുഴ	പുന്നക്കാട് 2 Ha	23637
8	മേരിക്കുട്ടി കുര്യാക്കോസ് 167-ൽ ചിറ കുഴിമറ്റം പി.ഒ. കോട്ടയം	പുന്നക്കാട് 2 Ha	23637
9	എബ്രഹാം പി.സി. പാളയത്തിൽ വീട് പാണ്ടി പി.ഒ., ചെറുതന, ആലപ്പുഴ	പുന്നക്കാട് 2 Ha	23637
10	റോബർട്ട് കുര്യൻ കോളേജ് വ്യൂ പഴവങ്ങാടി റാന്നി	പുന്നക്കാട് 2 Ha	23637
	ആകെ	20 ഹെക്ടർ	236370
	ആകെ മൊത്തം	104.33 ഹെക്ടർ	1280283

പ്രോജക്ട് പ്രകാരം 9750 Kg നെൽവിത്ത് വാങ്ങി കർഷകർക്ക് വിതരണം ചെയ്തു. സ്റ്റോക്ക് രജിസ്റ്റർ (Vol. II 2022-23) പ്രകാരം കാണിച്ചിട്ടുള്ള നെൽകൃഷി ചെയ്ത സ്ഥലത്തിന്റെയും വിതരണം ചെയ്ത നെൽവിത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	വിതരണം ചെയ്ത തീയതി	സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ	പാടശേഖര സമിതിയുടെ പേര്	കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)	നൽകിയ നെൽവിത്തിന്റെ അളവ് (Kg)	വിത്ത് സപ്ലൈ ചെയ്ത സ്ഥാപനം, നൽകിയ വില
1	27.09.22	2	പന്നിവേലിച്ചിറ	32.33	6030	Kerala State Seed Dev. Authority, Chembukkavu PO Thrissur (Bill No. 448/2022-23, Dtd. 28.09.22 – ₹253260
	27.09.22	2	തെച്ചിക്കാവ് പന്നിവേലിമൂലേ	40.00		
4	28.09.22	2	പുന്നക്കാട്	20.00	1500	Kerala State Seed Dev. Authority, Chembukkavu PO Thrissur (Bill No. 449/2022-23, Dtd. 28.09.22 ₹63000
4	06.01.23	4	തെക്കേമുറി	12.00	2220	State Seed Farm, Pullad (Bill No.16/2022-23, Dted 06.01.23 - ₹88800
			ആകെ	104.33	9750	405060

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) പദ്ധതിയുടെ ഭാഗമായി വാങ്ങിയ 9750kg നെൽവിത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവിധ പാടശേഖരങ്ങൾക്ക് വിതരണം ചെയ്തുവെന്ന് രേഖപ്പടുത്തിയിട്ടുള്ളതല്ലാതെ നെൽവിത്ത് പാടശേഖരസമിതിയുടെ ചുമതലക്കാരോ, ബന്ധപ്പെട്ട കർഷകരോ കൈപ്പറ്റിയതിന്റെ രേഖകൾ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2) 104.33 ഹെക്ടറിൽ പാട്ട കൃഷി നടത്തിയതിനാണ് കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ തുക നൽകിയിരിക്കുന്നത്. എന്നാൽ കൃഷി നടത്തുന്നതിന് സ്ഥലം വിട്ടു നൽകിയിട്ടുള്ള പഞ്ചായത്ത് പ്രദേശത്തെ ഭൂഉടമകളുടെ പാട്ടച്ചീട്ട്, കരം ഒടുക്കിയ രസീതി എന്നിവ കൃത്യമായി എല്ലാ അപേക്ഷകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പുന്നക്കാട്, തെച്ചിക്കാവ്, തെക്കേമുറി പാടശേഖരങ്ങളിൽ കൃഷി ഇറക്കിയവരുടെ പാട്ടച്ചീട്ട്, കരം ഒടുക്കിയ രസീത് എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പന്നിവേലിച്ചിറ പാടശേഖരത്തിൽ കൃഷി ഇറക്കിയവർ പാട്ടച്ചീട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും അവയുടെ ആധികാരികത സംശയാസ്പദമാണ്. പാട്ടകൃഷി ചെയ്യുന്നതിന് സ്ഥല ഉടമ നൽകേണ്ട സമ്മതപത്രം ലഭ്യമാക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. സബ്സിഡി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പാട്ടച്ചീട്ട്, കൃഷി ഇറക്കിയ സ്ഥലത്തിന്റെ കരം ഒടുക്കിയ രസീതി എന്നിവ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

3) പാടശേഖര സമിതിയിൽ ഉൾപ്പെട്ട കർഷകരോ ഉടമസ്ഥരോ അല്ല നെൽകൃഷി നടത്തിയിട്ടുള്ളത്. ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽനിന്നുള്ളവർക്കാണ് സബ്സിഡി വിതരണം ചെയ്തിട്ടുള്ളത്. ഒരു കുടുംബത്തിലെതന്നെ ഒന്നിലധികം പേർക്ക് സബ്സിഡി ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളതായി മേൽ പട്ടിക പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. തെച്ചിക്കാവ് പാടശേഖരത്തിൽ കൃഷി ഇറക്കിയതിന് മേൽ പറഞ്ഞ ജില്ലകളിലുള്ള 20 കർഷകർക്കാണ് സബ്സിഡി വിതരണം ചെയ്തിട്ടുള്ളതെങ്കിലും, ഇവരേ മുൻനിർത്തി പദ്ധതിയുടെ അനുകൂല്യം വാങ്ങിയതും, കൃഷി ഇറക്കിയതും ശ്രീ ടോജോ എന്ന വ്യക്തിയാണെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. ഇദ്ദേഹം തയ്യാറാക്കി സമർപ്പിച്ച അപേക്ഷകളൊടോപ്പം പാട്ടച്ചീട്ടോ, കരം ഒടുക്കിയ രസീതോ ലഭ്യമാക്കിയിരുന്നില്ല. ഗുണഭോക്താക്കളുടെ ആധാർ പകർപ്പും, ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും മാത്രമാണ് ഹാജരാക്കിയിരുന്നത്. ഇതേ ഗുണഭോക്താക്കൾ ജില്ലയിലെ ഇതര പഞ്ചായത്തുകളിൽനിന്നും (കുളനട, ചെന്നീർക്കര) സമാന രീതിയിൽ സബ്സിഡി കൈപ്പറ്റിയിട്ടുള്ളതായും ഓഡിറ്റ് നടത്തിയ പരിശോധനയിൽ കണ്ടു. കൃഷി ഇറക്കിയതിന് തെളിവായി പാട്ടച്ചീട്ടും, കരം ഒടുക്കിയ രസീതും ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കാതെ ചിലർ ഇടനിലക്കാർ വഴി പഞ്ചായത്തുകളിൽ നിന്നും സബ്സിഡി അനുകൂല്യം കൈപ്പറ്റിയതായാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

4) നെൽകൃഷിയ്ക്ക് കൂലിച്ചെലവു സബ്സിഡിയായി ഒരു ഹെക്ടറിനു 6800 രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും, 2718 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും, 2300രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പടെ ആകെ 11818 രൂപ നിരക്കിലാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിള ഇൻഷുറൻസിനുള്ള തുക കർഷകൻ മുൻകൂറായി അടവാക്കണം . എന്നാൽ വിള ഇൻഷുറൻസ് എടുത്തതായുള്ള യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) കൃഷി ചെയ്ത ഭൂവിസ്തൃതിയ്ക്ക് ആനുപാതികമായാണ് സബ്സിഡി തുക നൽകേണ്ടത്. ഇവിടെ രണ്ട് പേർ ഒഴികെ എല്ലാ കർഷകരും 2 ഹെക്ടർ നെൽകൃഷി നടത്തി എന്നുള്ള കൃഷി അസിസ്റ്റന്റിന്റെ ശുപാർശ പ്രകാരമാണ് സബ്സിഡി തുക വിതരണം ചെയ്തിട്ടുള്ളത്. സബ്സിഡി ലഭിച്ചവർ എല്ലാം 2 ഹെക്ടർ കൃത്യമായി പാട്ടകൃഷി നടത്തി എന്നതും, കൃഷി ഇറക്കുന്നതിനുള്ള ഭൂമി കൃത്യ അളവിൽ ലഭിച്ചു എന്നതും വിശ്വസനീയമല്ല. ഈ പദ്ധതിയുടെ നടത്തിപ്പിൽ ഇടനിലക്കാരുടെ സാന്നിദ്ധ്യം വ്യക്തമായ നിലയ്ക്ക് സബ്സിഡി ആനുകൂല്യം ലഭിച്ച വ്യക്തികൾ പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾതന്നെയാണോ എന്ന കാര്യത്തിൽ ഉറപ്പില്ല.

6) അന്യ ജില്ലയിൽനിന്നുള്ള കർഷകർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പഞ്ചായത്ത് ഈ പദ്ധതിയ്ക്കായി പഞ്ചായത്ത് പരിധിയിലുള്ള 7 പേരെ ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്തിരുന്നുവെങ്കിലും ഇവർക്ക് ആർക്കും തന്നെ പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. പഞ്ചായത്തിന് വെളിയിലുള്ള പാട്ടകൃഷികാരെ പദ്ധതിയുടെ ആനുകൂല്യത്തിന് തെരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇവരുടെ പട്ടിക തയ്യാറാക്കി ഗ്രാമസഭയിലും, പഞ്ചായത്ത് കമ്മിറ്റിയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതിനുശേഷമല്ല ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ ഏതൊരു പദ്ധതിയുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഗ്രാമസഭയുടെ അനുമതിയും, പഞ്ചായത്ത് കമ്മിറ്റിയുടെ അറിവും ഇല്ലാതെ ജില്ലയ്ക്ക് വെളിയിലുള്ള വ്യക്തികൾക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തത് ക്രമപ്രകാരമല്ല.

7) ഈ പദ്ധതിയുടെ നിർവ്വഹണം മോണിട്ടറിംഗിന് വിധേയമാക്കിയിട്ടില്ല. ത്രിതല പഞ്ചായത്തുകൾ സംയുക്തമായി 16.85 ലക്ഷം രൂപ ചെലവഴിച്ച് നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ ഭാഗമായി എത്രമാത്രം നെല്ല്

ഉല്പാദിപ്പിക്കപ്പെട്ടുവെന്നോ, പദ്ധതി ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിച്ചുവെന്നോ വിലയിരുത്തൽ ഉണ്ടായിട്ടില്ല. പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കാതിരുന്നത് വലിയ വീഴ്ചയാണ്.

പദ്ധതിയുടെ ആനുകൂല്യം ലഭിച്ച വ്യക്തികൾ തന്നെയാണോ മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ പാട്ടകൃഷി നടത്തിയിട്ടുള്ളതെന്നും, പ്രോജക്ടിന്റെ ചെലവ് രേഖകളിൽ കാണിച്ചിട്ടുള്ള പ്രകാരം 104.33 ഹെക്ടർ സ്ഥലത്ത് യഥാർത്ഥത്തിൽ നെൽകൃഷി നടന്നിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ വിശദമായ വകുപ്പ്തല അന്വേഷണത്തിന് വിധേയമാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപ്പഞ്ചായത്തിൽ ആകെ 13 അങ്കണവാടികളാണുള്ളത്. ഇതിൽ 8 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 4 അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരെണ്ണം വാടകരഹിതമാണ്. എല്ലാ അങ്കണവാടികളിലും ടോയിലറ്റ് സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്ലി ടോയിലറ്റ് രണ്ട് അങ്കണവാടികൾക്ക് മാത്രമാണുള്ളത്. 10 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. 5 അങ്കണവാടികൾക്ക് കിണറും 8 അങ്കണവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷനും ഉണ്ട്. അപകട നിലയിലായ 76-ാം നമ്പർ അങ്കണവാടി കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 74-ാം നം. അങ്കണവാടി നിർമ്മിക്കുന്നതിന് ലഭിച്ച സ്ഥലം സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് ഗ്രാമപ്പഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ്. [സ.ഉ(എം.എസ്) നമ്പർ 84/2022 ത.സ്വ.ഭാ.വ, തീയതി. 19.04.2022, അനുബന്ധം-8, ഖ-8-2(1)]. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. അങ്കണവാടികളുടെ അടിസ്ഥാന ആവശ്യമായ സ്വന്തം കെട്ടിടം എന്നത് നിറവേറ്റുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 മരുന്ന് വാങ്ങൽ പദ്ധതി- ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ (SO12/23) ഭാഗമായി 100000 രൂപ, ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി UTR നം. 812772277048433/15-12-22 പ്രകാരം HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മുൻകൂർ തുക നൽകി മാസങ്ങൾ പിന്നിട്ടെങ്കിലും 43242 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടിട്ടുള്ളൂ. മരുന്ന് പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ഹോമിയോ ഡിസ്പൻസറി- അടിസ്ഥാന സൌകര്യങ്ങളില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. നിലവിൽ ഡിസ്പൻസറി പ്രവർത്തിക്കുന്നത് ഒരു മൂന്നു നില കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ്. ഇത് വൃദ്ധരും അംഗപരിമിതരുമായ രോഗികൾക്ക് ഡിസ്പൻസറിയിൽ എത്തിച്ചേരുന്നതിന് പ്രയാസമുണ്ടാക്കുന്നു. ഡിസ്പൻസറി ജീവനക്കാർക്കും രോഗികൾക്കുമായി ഒരു ശൗചാലയം മാത്രമേയുള്ളൂ. വാഷ് ബേസിൻ, മറ്റു അനുബന്ധ സംവിധാനങ്ങൾ ഇവ ഒന്നും തന്നെ ഡിസ്പൻസറിയിൽ ഇല്ല. ഫാർമസിയും അറ്റൻഡർ രോഗികൾക്ക് ചീട്ട് കൊടുക്കുന്നതിനുള്ള സംവിധാനവും ഒരേ മുറിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഫാർമസിക്കായി പ്രത്യേകമായ മുറി ആവശ്യമാണ്. മരുന്നു സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂമില്ല. രോഗികൾക്ക് ഇരിക്കുന്നതിനാവശ്യമായ വിശ്രമമുറി ഇല്ല. കുടിവെള്ളത്തിനുള്ള സംവിധാനം ഉണ്ടെങ്കിലും ആയത് പ്രവർത്തന ക്ഷമമല്ല. ഹോമിയോ ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-25 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

2018-19 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ 314420 രൂപ

ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	മുന്നിരിപ്പ്	കേന്ദ്ര വിഹിതം ലഭിച്ചത്	ആകെ	കേന്ദ്ര വിഹിതം ചെലവഴിച്ചത്	ബാലൻസ്
2019-20	314420	480449	794869	148309	646560
2020-21	646560	1162985	1809545	953014	856531
2021-22	856531	555757	1412288	300000	1112288
2022-23	1112288	605138	1717426	148672	1568754

31.3.23 വരെ പ്രസ്തുത ഇനത്തിൽ ആകെ 1568754/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-26 ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി

ലൈഫ് മിഷൻ പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി വായ്പ ഇനത്തിൽ 1241396/- രൂപയാണ് ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ളത്. എന്നാൽ 1819244/- രൂപയാണ് ഗ്രാമപഞ്ചായത്ത് തിരികെ അടവാക്കിയിട്ടുള്ളത്. ഇപ്രകാരം 577848/- രൂപ അധികമായി തിരിച്ചടച്ചു. ലോൺ തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

വർഷം	ലഭിച്ച തുക	തിരിച്ചടച്ച തുക	അടവാക്കാൻ അവശേഷിക്കുന്ന തുക
2018-19	601396		601396
2019-20	-	102941	498455
2020-21	640000	278314	860141
2021-22	-	557333	302808
2022-23	-	880656	- 577848
ആകെ	1241396	1819244	- 577848

പ്രസ്തുത പട്ടിക പ്രകാരം 2022-23 സാമ്പത്തിക വർഷം വരെ 1241396 രൂപയാണ് ലോൺ എടുത്തിട്ടുള്ളത്. വികസന ഫണ്ട്, എസ്.സി.പി ഫണ്ട് എന്നീ വിഭാഗങ്ങളിലായി 1819244 രൂപയാണ് സോഫ്റ്റ് ഡിഡക്ഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തിരികെ പിടിച്ചിട്ടുള്ളത്. ഇത് പ്രകാരം 577848 രൂപ അധികമായി അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എടുക്കാത്ത ലോൺ തുകക്കാണ് ഇപ്രകാരം അധികമായി തുക തിരിച്ചടച്ചിട്ടുള്ളത്. ടി വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.20/18-08-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-27 വനിതാ ഘടക പദ്ധതിക്കായി തുക വകയിരുത്തിയെങ്കിലും പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയില്ല

ഗ്രാമപ്പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/2022/ തസ്വഭവ തീയതി 19/04/2022 പ്രകാരം സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർബന്ധമായി തയ്യാറാക്കേണ്ടതാണ്. ഖണ്ഡിക 5.4.1 (9) പ്രകാരം ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്. സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

ഓഡിറ്റ് വർഷം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ക്രമ നം	പദ്ധതിയുടെ പേര്, നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക	ചെലവ്
1	മുട്ടക്കോഴി വളർത്തൽ, വനിത	വെറ്ററനറി സർജൻ	156000	156000

	SO 65/22			
2	ഞങ്ങളും കൃഷിയിലേക്ക്, SO 95/22	കൃഷി ഓഫീസർ	510250	510250
3	ജാഗ്രതാ സമിതി, SO 98/22	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10000	3920
4	സ്കൂളുകളിൽ നാപ്കിൻ ഡിസ്പോയർ മെഷീൻ സ്ഥാപിക്കൽ, SO 108/22	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	70000	70000
5	വനിതകൾക്ക് യോഗാ പരിശീലനം, SO 113/22	ഐ.സി.ഡി.എസ് സൂപ്പർവൈസർ	150000	0
6	ജന്റർ റിസോഴ്സ് സെന്റർ, SO 124/22	ഐ.സി.ഡി.എസ് സൂപ്പർവൈസർ	100000	0
7	കുടുബശ്രീ സംരംഭം, പ്രവർത്തകർക്ക് ധനസഹായം SO 148/22	അസിസ്റ്റന്റ് സെക്രട്ടറി	312500	0
ആകെ			1308750	740170

വനിതാ ഘടക പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 57 % മാത്രമേ ചെലവഴിച്ചിട്ടുള്ളു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം വനിതാ ഘടക പദ്ധതികൾക്ക് തുക വകയിരുത്തേണ്ടതും ആയത് ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്.

1-28 കുഴൽകിണറുകളുടെ മെയിന്റനൻസ്- പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര്	പ്രവർത്തന രഹിതമായ കുഴൽക്കിണറുകളുടെ മെയിന്റനൻസ് (158/23)
വകയിരുത്തിയ തുക	സി.എഫ്.സി - 84000 രൂപ
ചെലവഴിച്ച തുക	സി.എഫ്.സി - 84000 രൂപ
ബിൽ നമ്പരും തീയതിയും	84000/- Amount Trasfered On 30-01-2023

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുഴൽക്കിണറുകളുടെ മെയിന്റനൻസ് എന്ന പ്രവൃത്തിക്കായിപത്തനംതിട്ട ഭൂജല വകുപ്പിൽ 84000 രൂപ അടവാക്കിയിരുന്നു. വാർഡ് 7- ലെ പതാലിൽ ജംഗ്ഷൻ, വൈഗോരി മുരുപ്പ് എന്നിവിടങ്ങളിലെ കുഴൽക്കിണറുകൾ, വാർഡ് 12- ലെ കുന്താർ ജംഗ്ഷൻ എന്നീ കുഴൽക്കിണറുകളുടെ മെയിന്റനൻസിനായി ഭൂജല വകുപ്പിൽ നിന്നുമുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് തുക അടവാക്കിയത്. പ്രസ്തുത കുഴൽകിണറുകളുടെ മെയിന്റനൻസിനായി തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും ഗ്രാമപഞ്ചായത്ത് ഭൂജല വകുപ്പുമായി കരാർ ചമച്ചിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-29 പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- ബില്ലിൽ നിന്നും റ്റി.ഡി.എസ് കുറവ് ചെയ്തില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 488200 രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിരുന്നു. 488200 രൂപയാണ് പദ്ധതി ചെലവ്. പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ ജെം മുഖേന ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഹൈസ്പീഡ് സ്കാനർ യൂണിക്കോം ഇൻഫോടെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 342196 രൂപയും യൂണിക്കോം ഇൻഫോടെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 146004 രൂപയും ബിൽ നം.31 Dtd 23-01-2023 പ്രകാരമാണ് നൽകിയത്. CGST Act,2017 -ലെ സെക്ഷൻ 51(1) പ്രകാരം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി

ഒഴികെയുള്ള തുകക്ക് രണ്ട് ശതമാനം ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ്.എന്നാൽ ആർ.ജെ എന്റർപ്രൈസസിൽ നിന്നുമുള്ള വാങ്ങൽ 2,50,000 രൂപയിൽ കൂടുതലായതിനാൽ ജി.എസ്.ടി ഒഴികെയുള്ള തുകക്ക് ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	എണ്ണം	നിരക്ക്	ആകെ
1	Printer- Epson	3	15277.31	45831.83
2	Desktop Computer	5	45758.47	228792.35
3	HP Printer	1	16440.68	16440.68
Total				291064.86

ഇത് പ്രകാരം 291065 രൂപയുടെ 2% തുകയായ 5821 രൂപ ടി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്തതിന് ശേഷമായിരുന്നു തുക ആർ.ജെ എന്റർപ്രൈസസിന് നൽകേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം. 24/21-08-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 ഓഡിറ്റോറിയത്തിന്റെ കറന്റ് ചാർജ്ജ്- കുടിശ്ശിക തുക അടവാക്കി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുഴിക്കാല ഓപ്പൺ എയർ തീയേറ്ററിൽ സ്ഥാപിച്ചിട്ടുള്ളതുമായ (കൺസ്യൂമർ നമ്പർ-1146050002248) കണക്ഷന്റെ 06/2022 മുതൽ 12/2022 വരെയുള്ള മാസങ്ങളിലെ കറന്റ് ചാർജ്ജിനത്തിൽ 16012 രൂപ ചെക്ക് നമ്പർ- 97838 തീയതി 03-03-2023 പ്രകാരം കോഴഞ്ചേരി ഇലക്ട്രിക് സെക്ഷനിൽ അടവാക്കിയിരുന്നു. തുക കുടിശ്ശികയായ സാഹചര്യത്തിൽ ഭരണസമിതിയുടെ 15-02-2023-ലെ 16/1-ാം നമ്പർ തീരുമാന പ്രകാരമാണ് തുക അടവാക്കിയത്. പ്രസ്തുത തീരുമാന പ്രകാരം അംഗനവാടി, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവയുടെ പ്രസ്തുത കാലയളവിലെ കറന്റ് ചാർജ്ജ് ഒഴിവാക്കി ബാക്കി തുക വാടക പുതുക്കുന്ന സമയത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകക്ക് എടുത്തവരിൽ നിന്നും ഈടാക്കുന്നതിനുമാണ് തീരുമാനിച്ചത്. കടമുറികൾക്കാവശ്യമായ വെള്ളം പമ്പ് ചെയ്തിരുന്നത് പ്രസ്തുത കൺസ്യൂമർ നമ്പർ പ്രകാരമുള്ള കണക്ഷൻ ഉപയോഗിച്ചായിരുന്നു. ആയതിനാലാണ് കടമുറികൾ വാടകക്ക് എടുത്തവരിൽ നിന്നും കറന്റ് ചാർജ്ജ് കുടിശ്ശിക തുക ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തത്. ഇപ്രകാരം ഭരണസമിതിയുടെ തീരുമാനമനുസരിച്ച് കടമുറികൾ വാടകക്ക് എടുത്തവരിൽ നിന്നും കറന്റ് ചാർജ്ജ് ഈടാക്കി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.31/23-08-2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി തീരുമാന പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്ന വ്യക്തികൾ മുൻകൂർ കൈപ്പറ്റിയതിനുശേഷം പണി നടത്തിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വിഭാഗം	കൈപ്പറ്റിയ തുക	ട്രഷറി ബിൽ നം., തീ.
1	ശ്രീ അനിൽകുമാർ എ.എൻ. അകത്ത്കുളത്ത്	എസ്.സി.പി.	40000	20050552017501191703 05/03/2021
2	ശ്രീ ഗോപാലകൃഷ്ണൻ എ.ആർ. ചിറയിൽ	എസ്.സി.പി.	40000	21050552017500274586 06/08/2021
3	ശ്രീ അനീഷ് എസ്. ചുമയത്ത്മഠം	എസ്.സി.പി.	40000	22050552016400553005 19/09/2022
4	ശ്രീമതി ജാനകി മംഗലത്ത് വീട്	ജനറൽ	40000	18050552017500416657 09/08/2018

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ശ്രീ അനിൽകുമാർ എ.എൻ. വീടിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും, റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഭവനം നിർമ്മാണം തുടങ്ങാനും തുടർ ഗഡുക്കൾ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ടെന്നും, ശ്രീ ഗോപാലകൃഷ്ണനോട് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് പലകുറി ആവശ്യപ്പെട്ടെങ്കിലും ഗുണഭോക്താവിന്റെ ഭാഗത്തുനിന്നും അനുകൂല പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായും അറിയിച്ചു.

അതുപോലെതന്നെ ശ്രീ അനീഷ് എസ്. എന്ന ഗുണഭോക്താവ് ഉടൻതന്നെ ഭവന നിർമ്മാണം ആരംഭിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ടെന്നും, എത്രയും പെട്ടെന്ന തന്നെ ടിയാനെകൊണ്ട് പണി പൂർത്തീകരിച്ച തുടർ ഗഡുക്കൾ അനുവദിക്കുന്നതാണെന്നും, ശ്രീമതി ജാനകി മുൻകൂർ കൈപ്പറ്റിയതിനുശേഷം മരണപ്പെട്ടുപോയിട്ടുള്ളതാണെന്നും, ഇവരുടെ അനന്തരവകാശിയിൽനിന്നും തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മേൽ പറഞ്ഞ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി ആവിഷ്കരിക്കപ്പെട്ടത്. 2013-ലെ ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ തുടർച്ചയായി അർഹരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം പദ്ധതിയായി രൂപാന്തരപ്പെട്ടത്. അഗതിരഹിത കേരളം പദ്ധതിയിൽ 60 അംഗങ്ങളാണുള്ളത്.

2019-20 മുതൽ 2022-23 വരെയായിരുന്ന പദ്ധതി കാലയളവ്. ആകെ 3792873രൂപയായിരുന്ന പദ്ധതി അടങ്കൽ. (ചലഞ്ച് ഫണ്ട്- 1524876രൂപ, വികസന ഫണ്ട്- 1950500 രൂപ, ബാങ്ക് പലിശ- 317497).

സേവനങ്ങളുടെ ആവശ്യകത ചുവടെ പറയും പ്രകാരമാണ്.

ആവശ്യമായ സേവനങ്ങൾ	ഗുണഭോക്താക്കളുടെ എണ്ണം
ഭക്ഷണം	60
ചികിൽസ	59
വിദ്യാഭ്യാസം	11
വീട്	13
വീട് പുനരുദ്ധാരണം	14
ഭൂമി	3
വൈദ്യുതി	0

2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ പ്രോജക്ടിന് ലഭിച്ച തുക ചുവടെ പറയും പ്രകാരമാണ്

`ക്രമ നം	ഫണ്ടിനം	മുൻ നീക്കിയിരിപ്പ്	2019-20	2020-21	2021-22	2022-23	ആകെ
1	ചലഞ്ച് ഫണ്ട്	0	692432	832444	0	0	1524876
2	പ്ലാൻ ഫണ്ട്	1050500	325000	275000	200000	100000	1950500
3	ബാങ്ക് പലിശ	117969	51427	46525	53783	47793	317497
	ആകെ	1168469	1068859	1153969	253783	147793	3792873

പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചലഞ്ച് ഫണ്ട്, പ്ലാൻ ഫണ്ട്, ബാങ്ക് പലിശ എന്നീ ഇനങ്ങളിൽ ലഭ്യമായത് 3792873 രൂപ മാത്രമാണ്. ഇതിൽ 1168469 രൂപ മുൻ ബാക്കിയായി ലഭിച്ച തുകയാണ്.

പദ്ധതി കാലയളവിൽ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

സേവന വിവരം	ചലഞ്ച് ഫണ്ട്	പ്ലാൻ ഫണ്ട്	പലിശ	ആകെ
ഭക്ഷണം	1524876	20763	317497	1863136
ചികിൽസ	-	-	-	-
വീട് നിർമ്മാണം	-	-	-	-
വീട് പുനരുദ്ധാരണം		300000		300000
മറ്റിനങ്ങൾ		12000	-	12000
ആകെ	1524876	332763	317497	2175136

പദ്ധതി പ്രകാരം നടന്ന ഏക കാര്യക്ഷമമായ പ്രവർത്തനം അഗതികൾക്ക് ഭക്ഷണവിതരണം നടത്തി എന്നത് മാത്രമാണ്. 13 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമായിരുന്നെങ്കിലും ഒരാൾക്ക് മാത്രമാണ് വീട് നൽകിയത്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവർക്ക് വീട് നൽകിയിട്ടുള്ളത്. 12 കുടുംബങ്ങൾക്ക് വീട് നൽകാൻ അവശേഷിക്കുന്നു.

14 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണം ആവശ്യമായിരുന്നെങ്കിലും 4 പേർക്ക് മാത്രമാണ് അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയത്. 10 പേർക്ക് ഇനിയും വീട് മെയിന്റൻസ് നൽകാൻ അവശേഷിക്കുന്നു.

സ്വന്തമായി ഭൂമി ഇല്ലാത്ത മൂന്ന് പേർ ഉണ്ടെങ്കിലും ആർക്കും ഭൂമി വാങ്ങി നൽകിയില്ല. ചികിൽസാ സഹായം ആവശ്യമായിരുന്നെങ്കിലും ആർക്കും നൽകിയില്ല. വിദ്യാഭ്യാസ സഹായവും ഗുണഭോക്താക്കൾക്ക് നൽകിയില്ല. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമായില്ലെങ്കിലും ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടില്ല എന്നുള്ളത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്.

സഹായത്തിന് അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ആയത് ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീക്ക് സാധിച്ചില്ല.

31-03-2023-ൽ 1617737 രൂപ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചലഞ്ച് ഫണ്ടിനത്തിലും പലിശയിനത്തിലും ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു. പദ്ധതിക്കായി പ്ലാൻ ഫണ്ടിനത്തിൽ 1950500 രൂപ (മുന്നിരിപ്പ് ഉൾപ്പെടെ) ലഭിച്ചുവെങ്കിലും 332763 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൽകാൻ കഴിയുമായിരുന്ന വീട് , വീട് മെയിന്റനൻസ് , ഭൂമി വാങ്ങൽ എന്നിവ ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടാതിരുന്നത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. സർക്കാർ ഫണ്ട് ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി തുടർന്നുവരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിപ്പണം ചെലവഴിക്കുന്നതിനും കുടുംബശ്രീയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകേണ്ടതും നിർവ്വഹണ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-33 ലക്ഷക്കണക്കിന രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നു.

2022-23 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനും (SO85/23, പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന വാങ്ങൽ), പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന വാങ്ങുന്നതിനുമായി (SO13/23, സാന്ത്വന പരിചരണം) 1510000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിരുന്നു. 08/2023 കാലയളവ് വരെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 478194 രൂപയുടേയും പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് 130593 രൂപയുടേയും മരുന്നുകൾ മാത്രമേ കെ.എം.എസ്.സി.എൽ ലഭ്യമാക്കിയിട്ടുള്ളൂ. 901213 രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നു.

സമൂഹത്തിലെ ദുർബല വിഭാഗക്കാർക്കു വേണ്ടിയുള്ള പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കു വേണ്ടിയുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കാത്തത് കെ.എം.എസ്.സി.എല്ലിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

സ.ഉ (സാധാ) നം. 2243/2022/ത.സ്വ.ഭ.വ. 15.09.2022 പ്രകാരം കെ.എം.എസ്.സി.എല്ലി ൽ നിന്നും അലോപ്പതി മരുന്ന വാങ്ങുന്നതിനു കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരം മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 കാഞ്ഞിരവേലി ICDP സബ്സെന്റർ നിർമ്മാണം പാതി വഴിയിൽ

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 159431 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 240569രൂപയും ഉൾപ്പെടെ ആകെ 400001രൂപ വകയിരുത്തി കാഞ്ഞിരവേലി ഐ.സി.ഡി.പി. സബ്സെന്റർ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഒരു മുറി മാത്രം ഉള്ള ഒരു കെട്ടിടത്തിന്റെ സ്ലക്ചർ പണിയുന്നതിനാണ് 4 ലക്ഷം രൂപ (18% GSTഉൾപ്പടെ) വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് അനിവാര്യമായ ടോയ്ലറ്റ്, പ്ലംബിംഗ്, വയറിംഗ് മുതലായവ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണമായി പറഞ്ഞിട്ടുള്ളത്. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങി കെട്ടിടം ഉപയോഗിക്കാൻ ആവശ്യമായ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത്. ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കേണ്ടതും, ആദ്യ വർഷം തന്നെ പൂർണ്ണമായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യേണ്ടതുമാണ്. പീസ് മീലായി നിർമ്മാണം ഏറ്റെടുക്കുന്നത് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും തടസ്സമാണ്.

ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നത് 09.01.2023-ലാണ്. എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ അജിത് സി.വി. എന്നയാളാണ് കരാറെടുത്തിട്ടുള്ളത്. 14.02.2023-ൽ കരാർ വെച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6മാസമായിരുന്നു. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ 130339 രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചിട്ടുള്ളതായി കണ്ടു. കരാർ വ്യവസ്ഥ പ്രകാരം 13.08.2023-ന് മുമ്പായി പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കരാർ കാലയളവിനുള്ളിൽ പണി പൂർത്തിയാക്കിയിട്ടുള്ളതായോ, കരാർ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായോ കാണാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുത്ത പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ 4 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടത്തിയതെങ്കിലും, ഫണ്ട് വെട്ടിച്ചുരുക്കിയെന്ന് അറിയിച്ചതിനെ തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടതായും, തുടർന്ന് 2023-24-ൽ 229665 രൂപ

വകയിരുത്തി ബഹുവർഷ പ്രോജക്ടായി ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അസി.എഞ്ചിനീയർ അറിയിച്ചു.



ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്ന മല്ലപ്പുഴശ്ശേരി വില്ലേജിൽ കാഞ്ഞിരവേലി മുറിയിൽ റീസർവ്വേ നമ്പർ 225/13-ൽ 81 ച.മീറ്റർ സ്ഥലം കാഞ്ഞിരവേലി മുറിയിൽ ചേരിക്കുന്നിൽ ശ്രീ അനിൽകുമാർ പഞ്ചായത്ത് സെക്രട്ടറി പേർക്ക് ദാനയാധാരം നൽകിയിട്ടുള്ളതാണ്. 14.11.2022-ൽ കോഴഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ വസ്തുവിന്റെ ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു പോക്ക് വരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് കരം തീർത്തിട്ടുള്ളതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വസ്തു പോക്ക് വരവ് ചെയ്ത് കരം തീർക്കുന്നതിനും, വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യപ്രാപ്തിയിൽ ഏത്തിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-35 എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ച് കരാർ ലംഘനം നടത്തിയ കരാറുകാർക്ക് സെക്യൂരിറ്റി തുക മടക്കി നല്കി

പഞ്ചായത്തിന്റെ മുൻ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തി നടത്താതെ ഉപേക്ഷിച്ചിട്ടുണ്ട്. കരാർ വെച്ച പ്രവൃത്തികൾ ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമല്ല. ഇവർ ജാമ്യ നിക്ഷേപമായി പഞ്ചയത്തിൽ കെട്ടിവെച്ചിരുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ മടക്കി നൽകിയിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	എഗ്രിമെന്റ് നം.	ജാമ്യ നിക്ഷേപം
1	97/20 - അങ്കണവാടികളുടെ പെയിൻറിംഗ് നം-68,69,70,71,77 അടങ്കൽ - 191500	ശ്രീ കെ.കെ. രാജൻ	41/AE/LSGD /MLPZY /2019-20, Dtd. 26.12.2019	9600
2	76/20 - പാലനിൽക്കുന്നതിൽപടി പടിഞ്ഞാറ്റേതിൽ പടിഞ്ഞാറേൽ പടി റോഡ് മെയിൻറനൻസ് അടങ്കൽ - 150900	ശ്രീ വിനീത് രാജൻ	41/AE/LSGD /MLPZY /2019-20, Dtd. 27.12.2019	7500
3	90/20 - വലിയപറമ്പിൽ കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം അടങ്കൽ - 77000	ശ്രീ അജിത് സി.വി.	50/AE/LSGD /MLPZY /2019-20, Dtd. 24.01.2020	3900
4	167/20 - കലാവേദിപ്പടി- പുഞ്ചപ്പാടം റോഡ് കോൺക്രീറ്റിംഗ് വാർഡ്-13 അടങ്കൽ - 152000	ശ്രീ സുനിൽകുമാർ	58/AE/LSGD /MLPZY /2019-20, Dtd. 16.03.2020	6800

5	170/20 - 12-ാം വാർഡിലെ കണ്ണംപുഞ്ച ലക്ഷംവീട് കോളനിയിലെ സാംസ്കാരിക നിലയത്തിൻറെ നിർമ്മാണം അടങ്കൽ - 657000	ശ്രീ അജിത് സി.വി.	60/AE/LSGD /MLPZY /2019-20, Dtd. 11.06.2020	29000
6	111/20 - നടമംഗലത്ത് പാഞ്ചജന്യംപടി റോഡ് മെയിൻറനൻസ് അടങ്കൽ - 186900	ശ്രീ സജിത് കെ.	21/AE/LSGD /MLPZY /2019-20, Dtd. 06.09.2020	9400
7	92/20 - പടിഞ്ഞാറ്റേതിൽപടി ശാസ്താവേത്ത്പടി റോഡ് മെയിൻറനൻസും സംരക്ഷണ ഭിത്തി നിർമ്മാണവും അടങ്കൽ - 186900	ശ്രീ ഗോപി നാഥൻ നായർ	17/AE/LSGD /MLPZY /2019-20, Dtd. 18.09.2020	9400

കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക്ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽനിന്നും, ജാമ്യ നിക്ഷേപത്തിൽനിന്നും, സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും വസൂലാക്കാവുന്നതാണ്. ഇപ്രകാരം വീഴ്ചവരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും വിലക്കേണ്ടതുമാണ് (നം.എ.സി.2/223/2015/തസ്വഭവ, തീ. 18.08.2018 നമ്പർ സർക്കുലർ).

കരാർ ലംഘനം നടത്തിയതായി കണ്ട പ്രവൃത്തികളുടെ കരാറുകാർക്കെതിരെ മേൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം അവരുടെ ജാമ്യനിക്ഷേപ തുക മടക്കി നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/21.08.2023) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്തിലേക്ക് കണ്ട്കെട്ടേണ്ടതായ തുകകളാണ് ക്രമവിരുദ്ധമായി മടക്കി നല്കിയിട്ടുള്ളതെങ്കിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

1-36 ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ ആവശ്യത്തിന് അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 02.10.2017-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും SBI-ൽ അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നിലവിലും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈനായി ഒടുക്കുന്നത്. അക്കൗണ്ട് ആരംഭിക്കാത്തതുമൂലം ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് അർഹമായ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് യഥാസമയം മുതൽ കൂട്ടാനാവുന്നില്ല. ഓഡിറ്റ് വർഷം ഈ ഇനത്തിൽ വരവ് വന്ന 22035 രൂപ ഓഡിറ്റ് തീയതിയിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടില്ല. അക്കൗണ്ട് ആരംഭിക്കാതിരുന്നത് വീഴ്ചയാണ്. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-37 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ, വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011- തീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് അങ്കണവാടികൾ (അങ്കണവാടി നം.76, 106) ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും

അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-38 ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) - ഗുണഭോക്താവിന് 40000 രൂപ അധികം സബ്സിഡി വിതരണം ചെയ്തു

ശ്രീ ബൈജു കെ.ജി., കിഴക്കേകുംഭമല ഓന്തേക്കാട് എന്ന വ്യക്തിക്ക് പട്ടികജാതി വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ 400000 രൂപയാണ് സബ്സിഡി നൽകുന്നത്. എന്നാൽ ടിയാൾക്ക് ചുവടെ ചേർക്കും പ്രകാരം 440000രൂപ വിതരണം ചെയ്തിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായി.

ട്രഷറി ബിൽ നമ്പർ	തീയതി	വിതരണം ചെയ്ത തുക
20050552017501191703	05.03.21	40000
21050552017500281321	09.08.21	160000
21050552017500727136	30.11.21	100000
22050552016400522585	12.09.22	60000
22050552016400553005	19.09.22	40000
22050552016400634171	12.10.22	40000
ആകെ		440000

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.9/17.08.23) നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തെറ്റായി നൽകിയ 40000 രൂപ തിരികെ അടച്ച് രസീത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താവിന് അധികം നൽകിയ 40000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി ചുമത്തുന്നു. തുക തിരികെ ഒടുക്കി രസീതി ഹാജരാക്കുന്ന മുറയ്ക്ക് നിരാകരണം ഒഴിവാക്കുന്നതാണ്.

1-39 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായി. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 27 മരാമത്ത് പ്രവൃത്തികളിൽ 4755084 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 13 പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത് 21.11.2022-ൽ മാത്രമാണ്. ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യം വരെ നീണ്ടു പോയതായി കാണുന്നു (5 പ്രവൃത്തികളുടെ ടെണ്ടർ/റീടെണ്ടർ 27/03/2023 തീയതിയിലാണ് നടന്നിട്ടുള്ളത്). വർഷാന്ത്യം വരെ ടെണ്ടർ നടപടികൾ വലിച്ചിഴക്കുന്നത് ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ തുക വകയിരുത്തി പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭ്യമായ ഫണ്ട് പരമാവധി വിനിയോഗിക്കുന്നതിനും തടസ്സമായിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ഉപയോഗിച്ചുകൊണ്ടിരുന്ന PRICE സോഫ്റ്റ്വെയറിന് പകരം PRICE-3 സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വൈഷമ്യങ്ങളും, നടപ്പുവർഷം സെപ്റ്റംബർ മാസം വരെ മറ്റൊരു പഞ്ചായത്തിലെ അസി.എഞ്ചിനീയർക്കായിരുന്ന പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല നൽകിയിരുന്നത്

എന്നതിനാലുമാണ് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നതെന്ന് അസി.എഞ്ചിനീയർ വിശദീകരിച്ചു. വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം സമയബന്ധിതമാക്കുന്നതിന് സവിശേഷ ശ്രദ്ധ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചേർക്കുന്നില്ല. ടെണ്ടർ ലഭിച്ച തീയതി, പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ, ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാന നമ്പർ, ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ സന്നിഹിതരായ കരാറുകാരുടെ കൈയ്യൊപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. ടെണ്ടർ രജിസ്റ്റർ ആധികാരികമല്ല. അസി.എഞ്ചിനീയറുടെ ഓഫീസിൽ ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്തതിനാലാണ് ഇത്തരം വീഴ്ചകളുണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കപ്പെട്ടു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്ലാർക്കിന്റെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലും കൃത്യമായ രീതിയിലും പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(4) കരാറുകാരുടെ ജാമ്യനിക്ഷേപം തിരികെ നൽകുമ്പോൾ സെക്യൂരിറ്റി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

(5) ഫയൽ സൂക്ഷിപ്പിൽ അപാകതയുണ്ട്. ലഭിച്ച ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരുമായി മുദ്രപത്രത്തിൽ കരാർ ചമയ്ക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റിൽ വ്യക്തമാക്കുന്നില്ല. ജാമ്യ നിക്ഷേപമായി ഈടാക്കിയിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്റെ വിശദാംശം ഉൾപ്പെടുത്തുന്നില്ല. എഗ്രിമെന്റിൽ അസി.എഞ്ചിനീയറും, സാക്ഷികളും കൈയ്യൊപ്പിട്ട് ആധികാരികമാക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതും, ഫയൽ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതുമാണ്.

(6) സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റും, മോണിട്ടറിംഗ് റിപ്പോർട്ടും മിക്ക ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7)കരാറുകാരുമായി ഏർപ്പെടുന്ന എഗ്രിമെന്റിലെ വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. ഇതിനകം DSR സ്പെസിഫിക്കേഷനുകളും, നിരക്കുകളുമാണ് പ്രവൃത്തി നടത്തുന്നതിന് അവലംബിച്ചിട്ടുള്ളതെങ്കിലും, കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കൻ അനുസരിച്ച് പണി നടത്തുന്നതിനാണ് കരാറിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(8) അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ റോഡ് ആസ്തികളുടെ യൂണീക് നമ്പർ ചേർക്കാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുനരുദ്ധാരണം നടത്തുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ഭാവിയിൽ പ്രോജക്ടിന്റെ ഡാറ്റ എൻട്രി നടത്തുമ്പോൾ ആസ്തിയുടെ യൂണീക് നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്.

(9) നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല. അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ ഓഡിറ്റുകളിൽ നിരീക്ഷിക്കുന്നതാണ്.

(10) പഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശ പ്രകാരം വിശദാംശങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിർബ്ബന്ധമായും പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വരും കാലങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ ഓഡിറ്റുകളിൽ നിരീക്ഷിക്കുന്നതാണ്.

(11) മരാമത്ത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധമുള്ള മോണിട്ടറിംഗ് സംവിധാനം പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രോജക്ടുകളെങ്കിലും റാൻഡം രീതിയിൽ തിരഞ്ഞെടുത്ത് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനും, മോണിറ്ററിംഗ് ശക്തമാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

1-40 കരാർ കാലയളവ് ദീർഘിപ്പിച്ചതിന് കരാറുകാരനിൽനിന്നും ഈടാക്കിയ പിഴയിൽ

കുറവ്

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും എഗ്രിമെന്റിലും, PWDമാന്വലിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും, പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണ്. ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ കാര്യത്തിലാണ് നിയമാനുസൃതമുള്ള പിഴ ഈടാക്കാതെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. കരാർ കാലാവധി നീട്ടി നൽകിയപ്പോൾ അനുബന്ധ കരാർ (Supplementary Agreement) വെച്ചിട്ടുമില്ല (എൻകൃയറി നം.33/22.08.2023)

പ്രവൃത്തിയുടെ വിവരം	ഈടാക്കിയ പിഴ	ഈടാക്കേണ്ടിയിരുന്ന പിഴ തുക		കുറവ്
കാരംവേലി ഗവ.എൽ.പി.എസ്. നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം (S00153/22) അടങ്കൽ - 200000 കരാറുകാരൻ - ശ്രീ വിജയരാജൻ കരാർ നം. - 01/AE/LSGD/MLPZY/2022-23, Dtd. 28.04.2022 കരാർ തുക – 173509.74 കരാർ കാലയളവ് - 90 ദിവസം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി - 27.07.2022 പ്രവൃത്തി പൂർത്തിയാക്കിയ തീയതി - 21.02.23 പ്രവൃത്തി മൂല്യം - 154073 എം.ബുക്ക് നം. - LSGD/CELSGD/MB/21245 /2022_5_1_1 ബിൽ നം., തീ. - 22050552016801443907/23.03.2023	1306	28/07/2022to 27/10/2022 28/10/2022 To 27/01/2023 28/01/2023 21/02/2023	1735 3470 925 ------ 6130 =====	4824

കരാറുകാരനിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിനാൽ മേൽ കാണിച്ചിരിക്കുന്ന പ്രകാരം 4824 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം ഫൈനൽ ബിൽ തുക നൽകിയ അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മിക്കുന്നതിന് അധിക സബ്സിഡി വിതരണം

ചെയ്തു

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.96/23 പ്രകാരം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മാണം എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ തോമസ് വർഗ്ഗീസ്, പുളിനിൽക്കുന്നകാലായാൽ, കഴിക്കാല (വാർഡ് 11) എന്ന ഗുണഭോക്താവിന് അധിക സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. ടിയാൻ സമർപ്പിച്ച അപേക്ഷയും, ചെലവ് രേഖകളും പരിശോധിച്ച് കൃഷി അസിസ്റ്റന്റ് ശുപാർശ ചെയ്ത സബ്സിഡി 47500 രൂപയായിരുന്നു. എന്നാൽ ടിയാന് 64250 രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് പരിശോധിച്ച് അനുവദനീയമായ സബ്സിഡി കണക്കാക്കി ശുപാർശചെയ്തിട്ടുള്ളതിന് വിരുദ്ധമായി 16750 രൂപ അധികം വിതരണം ചെയ്തതിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം വിതരണം ചെയ്ത തുക ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-17(1)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3-2 ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവിന് അർഹമായതിൽ അധികം സബ്സിഡി നൽകി

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ശ്രീ ബൈജു കെ.ജി., കിഴക്കേകുംഭമല ഓന്തേക്കാട് എന്ന വ്യക്തിക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപായാണ് സബ്സിഡി നൽകുന്നത്. എന്നാൽ ടിയാൾക്ക് 440000രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഗുണഭോക്താവിന് അധികം നൽകിയ 40000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയാണ്. തുക ബന്ധപ്പെട്ട ഗുണഭോക്താവിൽനിന്നോ, അതിന് സാധിക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കണം. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-38-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3-3 കരാർ കാലയളവ് ദീർഘിപ്പിച്ചതിന് കരാറുകാരനിൽനിന്നും മതിയായ പിഴ ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും എഗ്രിമെന്റിലും, PWDമാന്വലിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. കാരംവേലി ഗവ.എൽ.പി.എസ്. നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം എന്ന പ്രവൃത്തി കരാറെടുത്തയാൾ എഗ്രിമെന്റ് കാലയളവനുള്ളിൽ പണി പൂർത്തീകരിച്ചിട്ടില്ല. യഥാസമയം പണി പൂർത്തീകരിക്കാത്ത കരാറുകാരനിൽനിന്നും പിഴ ഈടാക്കിയതിൽ 4824 രൂപയുടെ കുറവുണ്ടായതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. മതിയായ പിഴ കണക്കാക്കി ഈടാക്കാത്തതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ നിർണ്ണയിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 1-40-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	84220	വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (96/23)	84220	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	249159	നെൽകൃഷി വികസനം (93/23)	249159	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	250000	സാന്ത്വന പരിചരണം (13/23)	250000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	600000	ലൈഫ് ഭവന പദ്ധതി-എസ്.സി.പി (67/23)	600000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	80000	ലൈഫ് ഭവന പദ്ധതി-ജനറൽ(66/23)	80000	0

പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	186085	അന്നപൂരക പോഷകാഹാരം-ജനറൽ (26/23)	186085	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	41900	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും(97/23)	41900	0
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	63165	വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (96/23)	63165	0
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	294480	നെൽകൃഷി വികസനം (93/23)	294480	
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	250000	സാന്ത്വന പരിചരണം (13/23)	250000	
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	1168620	ലൈഫ് ഭവന പദ്ധതി-എസ്.സി.പി (67/23)	1168620	0
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	653255	ലൈഫ് ഭവന പദ്ധതി-ജനറൽ (66/23)	653255	0
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	100000	അന്നപൂരക പോഷകാഹാരം (26/23)	100000	0
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	100100	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും(97/23)	100100	0

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (48/23)	300000/-	0	300000/-
ഭൂജല വകുപ്പ് പത്തനംതിട്ട	പ്രവർത്തന രഹിതമായ കുഴൽകിണറുകളുടെ മെയിന്റനൻസ് (158/23)	84000/-	0	84000/-

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ലഭിച്ച വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി-കെ.യു.ആർ.ഡി.എഫ്.സി വായ്പ	1241396	302808	880656	--	-577848

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 577848 രൂപ അധികമായി തിരിച്ചടച്ചിട്ടുണ്ട്.

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-5, 2-6	2016-17 (അദ്ധ്യായം-2)	തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്	പരാമർശം നിലനിൽക്കുന്നു
2015-16	2-4, 2-5	2016-17 (അദ്ധ്യായം-2)	തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	63974149
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	63812802
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	61074
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	388556

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
1-17(1)		16750	ശ്രീമതി വിദ്യ സി കൃഷി ഓഫീസർ
1-38		40000	ശ്രീ ശ്യാംകുമാർ എസ് വി.ഇ.ഒ
1-40		4824	ശ്രീമതി ദീപ എം ജെ അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ		61074	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	308616	പി കെ മുഹമ്മദ് ഷാഫി ഗ്രാമപഞ്ചായത്ത് സെക്രട്ടറി
1-17(2)	79940	ശ്രീമതി വിദ്യ സി കൃഷി ഓഫീസർ
ആകെ	388556	

(സി) കേന്ദ്രസംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-29	5821	പി കെ മുഹമ്മദ് ഷാഫി ഗ്രാമപഞ്ചായത്ത് സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
പി കെ മുഹമ്മദ്ഷാഫി ഗ്രാമപഞ്ചായത്ത്സെക്രട്ടറി	സെക്രട്ടറി പോത്തൻകോട് ഗ്രാമപഞ്ചായത്ത്	TC/488(1) അറപ്പുര ഹൗസ് വട്ടിയൂർകാവ് പി ഒ തിരുവനന്തപുരം
ശ്രീ ശ്യാംകുമാർ എസ് വി.ഇ.ഒ	വി.ഇ.ഒ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്	മരാക്ക് വീട്ടിൽ പടിഞ്ഞാറത്തറ ആദിനാട് സൗത്ത് കരുനാഗപ്പള്ളി
ശ്രീമതി വിദ്യ സി കൃഷി ഓഫീസർ	കൃഷി ഓഫീസർ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്	കൗസ്തുഭം TC.No.19/1920 സിവിൽസ്റ്റേഷൻ റോഡ് കടപ്പനക്കുന്ന്,തിരുവനന്തപുരം
ശ്രീമതി ദീപ എം ജെ അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്	കൈമരത്തിനാൽ(11) ളാക്കൂർ, മല്ലശ്ശേരി പി ഒ പത്തനംതിട്ട
ശ്രീമതി സ്മിത റ്റി കൃഷി ഓഫീസർ	കൃഷി ഓഫീസർ (ഇൻചാർജ്ജ്)	ചൈതന്യ ഐവർകാല നടുവിൽ പുത്തനമ്പലം പി ഒ കടമ്പനാട്, കൊല്ലം 691553

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1999-00	എൽ.എഫ്.പിറ്റിഎ.പി2.299/2001 തീയതി 14.06.2001	50
2001-02 (ചെലവ്)	എൽ.എഫ്.പിറ്റിഎ.പി3.509/2005 തീയതി 14.10.2005	2-4, 2-9
2001-02 (ജ.ആ)	എൽ.എഫ്.പിറ്റിഎ.പി3.1491/2003 തീയതി 28.01.2003	2, 9
2004-05	എൽ.എഫ്.പിറ്റിഎ.പി11.550/2009 തീയതി 31.12.2009	3-6 (1, 2)
2005-06	എൽ.എഫ്.പിറ്റിഎ.പി11.74/2010 തീയതി 10.05.2010	3-2
2013-14	എൽ.എഫ്.പിറ്റിഎ.പി5.337/2015 തീയതി 12.06.2015	3-5(3), 3-9
2014-15	കെഎസ്എ.പിറ്റിഎ.പി5.734/2016 തീയതി 16.07.2016	2-5, 2-6,3-7,3-9,3-10,3-11,3-13
2015-16	കെഎസ്എ.പിറ്റിഎ-പി5.1451/2016 തീയതി 16.01.2017	2-4,2-5,3-6,3-8,3-21
2016-17	കെഎസ്എ.പിറ്റിഎ-പി9.1071/2017 തീയതി 13.09.2017	3-3
2017-18	കെഎസ്എ.പിറ്റിഎ-പി7.1562/2018 തീയതി 13.09.2018	3-2,3-4,3-5
2018-19	കെഎസ്എ.പിറ്റിഎ-പി5.1005/2019 തീയതി 05.12.2019	1-12,1-14,1-16,1-18,1-19,1-22

2019-20	കെഎസ്എ.പിറ്റിഎ-പി5.277/2021 തീയതി 23.04.2021	എല്ലാ ഖണ്ഡികകളും
2020-21	കെഎസ്എ.പിറ്റിഎ-പി5.343/2022 തീയതി 5.5.22	എല്ലാ ഖണ്ഡികകളും
2021-22	കെഎസ്എ.പിറ്റിഎ-പി5.1202/2022 തീയതി 06-12-2022	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the MALLAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of MALLAPPUZHASSERY Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of MALLAPPUZHASSERY Grama Panchayat for the Year 2022-2023.

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. The mandatory financial statements such as ratios, notes as account prescribed in accounting rules are not submitted for audit.

2. Cash flow statement-Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses is making timely and accurate demand entries in respect of tax and non-tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in prior period income and expenditure.

5. Capital work in progress-supporting evidence are not produced to verify closing balance shown in ledger account.

6. CFC grant balance does not tally with bank passbook balance.

7. Asset register is not updated. Fixed asset value shows in balance sheet does not match with asset register.

8. Deposit Register is incomplete and hence, audit could not ascertain the accuracy of figures in AFS.

9. Misclassification of building tax receipt voucher :- building tax receipt wrongly accounted in general purpose grant head.

10. DCB of professional tax, building tax, license etc does not match with AFS.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്